**പതിമൂന്നാം കേരള നിയമസഭ**

നാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1785</u> <u>22.03.2012 ൽ മറുപടിക്ക്</u>

<u>നിയമവിരുദ്ധമായി കേരളത്തിലേക്ക് കടത്തിയ കാറുകൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.ബാബു എം. പാലിശ്ശേരി<br>,, എ.എം.ആരിഫ്<br>ശ്രീമതി. കെ.എസ്.സലീഖ | ശ്രീ. ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |
| (എ) വ്യാജപാസ്പോർട്ട് ഉപയോഗിച്ച് മുന്നൂറിലധികം തവണ വിദേശയാത്രകൾ നടത്തിയ ആളിന്റെ പേരിലുള്ള ആഡംബര ക്കാറുകൾ കള്ളക്കടത്ത് നടത്തിയത് സംബന്ധിച്ച കേസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ; | (എ) ഇത്തരം സംഭവവുമായി ബന്ധപ്പെട്ട് കേരള പോലീസ് കേസുകൾ രജിസ്ററർ ചെയ്തിട്ടില്ല. |
| (ബി) കള്ളക്കടത്ത് നടത്തിയതായി കേസുള്ള അലക്സ് സി. ജോസഫ് എന്നയാൾക്ക് പോലീസ് പാസ്പോർട്ട് തിരികെ നൽകിയിട്ടുണ്ടോ ; | (ബി) ഹൈദരാബാദ് അന്താരാഷ്ട്ര വിമാനത്താവള ഇമിഗ്രേഷൻ വിഭാഗം പിടികൂടി ഷംഷാബാദ് പോലീസ് മുഖേന തിരുവല്ലാ പോലീസിന് കൈമാറിയ അലക്സ് സി. ജോസഫ് എന്നയാളുടെ പാസ്പോർട്ട് തിരികെ നൽകിയ സംഭവം ഉണ്ടായിട്ടുണ്ട്. |
| (സി) അലക്സ് സി. ജോസഫ് നിയമവിരുദ്ധമായി കേരളത്തിലേക്ക് കടത്തിയ കാറുകൾ എത്രയാണെന്നും അവ ഓരോന്നും ഇപ്പോൾ ഉപയോഗിക്കുന്നവർ ആരൊക്കെയാണെന്നും അന്വേഷണം നടത്തിയിട്ടുണ്ടോ ; അന്വേഷണ ഫലം വിശദമാക്കാമോ ? | (സി) ഈ വിഷയം കേരള പോലീസിന്റെ അന്വേഷണ പരിധിയിലല്ല. |

സെക്ഷൻ ഓഫീസർ